Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

Student
Empowerment for
Environmental
Development

## സമൂഹനന്മ കുട്ടികളിലൂടെ

മാതൃഭൂമി


# സീഡ്

കൈപ്പുസ്തകം 2016-17

സീഡ്
നാട്ടുമാവ്
വർഷം

അന്താരാഷ്ട്ര
പയറുവർഗവർഷം

**വളർത്താം പടർത്താം**
**ജീവന്റെ പയർമണികൾ!**



## പൊരുതാം
## കാടിനും ജീവനും
വനവിഭവ ചൂഷണത്തോട് സന്ധിയില്ല

# ‘Go Wild for Life’

## ZERO TOLERANCE FOR THE ILLEGAL WILDLIFE TRADE


## പൊരുതാം കാടിനും ജീവനും

### വനവിഭവ ചൂഷണത്തോട് സന്ധിയില്ല

യു.എൻ.ഇ.പിയുടെ ഈ വർഷത്തെ പരിസ്ഥിതിദിന സന്ദേശമാണിത്. വന്യജീവികളുടെ ജീവൻ രക്ഷിക്കാൻ കാട്ടിലേക്ക് കുതിക്കാനും വന്യജീവി വ്യാപാരത്തോട് സന്ധിയില്ലാതെ പോരാടാനുമാണ് ആഹ്വാനം. വനത്തിലെ ജീവൻ നിലനിർത്തിയില്ലെങ്കിൽ മനുഷ്യരടക്കമുള്ളവരുടെ നിലനിൽപ്പ് പരുങ്ങലിലാവും. ഭൂമിയിലെ ജീവനുവേണ്ടി വന്യമായ(പ്രകൃതിക്കിണങ്ങിയ) നീക്കം വേണമെന്ന ആശയവും ഈ സന്ദേശത്തിന്റെ അന്തസ്സത്തയിൽ കാണാം. ലോകമെമ്പാടും വന്യജീവികളുടെയും അവയുമായി ബന്ധപ്പെട്ട വസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും അനധികൃത വ്യാപാരം പെരുകുന്നു. ആനക്കൊമ്പും കടുവത്തോലും മാത്രമല്ല, നാം വീട്ടിലെ ഷോകേസിൽ സൂക്ഷിച്ചിരിക്കുന്ന ചിലയിനം കടൽശംഖുകളും ലോക്കറ്റിൽ അലങ്കാരമായി വെച്ചിരിക്കുന്ന പുലിപ്പല്ലുമൊക്കെ അനധികൃതമായ വന്യജീവി വ്യാപാരത്തിന് ഉദാഹരണമാണ്. വന്യജീവിനിയമങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും അവ പ്രാവർത്തികമാക്കാനും നമുക്ക് ആത്മാർഥമായ ശ്രമം ആരംഭിക്കാം. കാടുകളിലെ ജീവനാണ് ഭൂമിയുടെ ജീവൻ. തീർച്ചയായും നാം അത് സംരക്ഷിക്കണം.



# അന്താരാഷ്ട്ര പയറുവർഗ വർഷം



ഐക്യരാഷ്ട്ര സഭ 2016 അന്താരാഷ്ട്ര പയറുവർഗ വർഷമായി ആചരിക്കുന്നു. സുസ്ഥിര ഭാവിക്ക് പോഷകമേന്മയുള്ള വിത്തുകൾ എന്നതാണ് സന്ദേശം. ആരോഗ്യത്തോടെയുള്ള ജീവിതത്തിന് പയറുവർഗങ്ങൾ നൽകുന്ന സഹായം ചെറുതല്ല. പയർവിളകൾ വളരുമ്പോൾ മണ്ണിന്റെ ഫലഭൂയിഷ്ഠി വർധിക്കുന്നു. പയറിന്റെ മേന്മകൾ കൂടുതൽ ആളുകളെ ബോധ്യപ്പെടുത്തുന്നതിന് വർഷാചരണം ഉപകരിക്കും. പയർവർഗവിളകൾ പരമാവധി കൃഷിചെയ്യാനും വിത്തുകൾ ശേഖരിക്കാനും അവ പ്രചരിപ്പിക്കാനുമൊക്കെ ഈ വർഷം ഉപയോഗപ്പെടുത്താം. നമുക്ക് നട്ടുവളർത്തി പടർത്താം ജീവന്റ ഓരോ പയർമണിയും...

# ഹരിത സാക്ഷ്യം

നമുക്ക് അഭിമാനിക്കാം, ഒപ്പം ആശ്വസിക്കുകയും ചെയ്യാം. കേരളത്തിൽ വളരെ പതുക്കെയെങ്കിലും ഒരു ഹരിത സംസ്കാരം പടർന്നു തുടങ്ങിയിരിക്കുന്നു. പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിന്റെ ഗുണഫലങ്ങൾ വലിയൊരു വിഭാഗം ജനങ്ങൾക്ക് ബോധ്യപ്പെട്ടുതുടങ്ങി. ജലദൗർലഭ്യം, താങ്ങാനാവാത്ത ചൂട്, വിഷം കലർന്ന ഭക്ഷണം, വർധിച്ചുവരുന്ന രോഗങ്ങൾ തുടങ്ങിയവ പ്രകൃതിയോടുള്ള സമീപനം മാറുന്നതിന് കാരണമായിട്ടുണ്ട്. ഈ മാറ്റം കൂടുതൽ കരുത്താർജിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

മണ്ണും മരങ്ങളും ജലവും ജീവജാലങ്ങളുമില്ലാതെ, മനുഷ്യർക്ക് ആരോഗ്യത്തോടെ ജീവിക്കാനാവില്ല. ഈ തിരിച്ചറിവ് കൂടുതൽ ആളുകൾക്ക് പകർന്നു നൽകാനായി ഒരു കൂട്ടം വിദ്യാർഥികളും അധ്യാപകരും ഏഴു വർഷമായി പ്രവർത്തിക്കുന്നു... അതെ, മാതൃഭൂമി സീഡ് (Student Empowerment for Environmental Development) മാറ്റത്തിന് വഴികാട്ടുകയാണ്. ആറായിരത്തിലധികം സ്കൂളുകൾ, 21 ലക്ഷത്തിലധികം വിദ്യാർഥികൾ, നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ... ഇവയ്ക്കെല്ലാം മേലെയാണ് സീഡ് കേരളത്തിലുണ്ടാക്കിയ സാമൂഹിക മാറ്റത്തിന്റെ സ്ഥാനം. ചരിത്രത്തിൽ ഇടം നേടുന്നവിധത്തിൽ അടയാളപ്പെടുത്തപ്പെട്ടുകഴിഞ്ഞു അത്. കൂടുതൽ ഉത്തരവാദിത്വത്തോടെ നമുക്ക് ഈ വർഷത്തെ പ്രവർത്തനങ്ങളിലേക്ക് കടക്കാം...

സ്വാതന്ത്ര്യ സമരകാലം മുതൽ ജനങ്ങളോട് ചേർന്ന് നിന്നു പോരാടിയ പാരമ്പര്യമുണ്ട് മാതൃഭൂമിക്ക്. പ്രകൃതിക്കായുള്ള ഈ പോരാട്ടത്തിൽ കേരളത്തിലെ പ്രമുഖ ധനകാര്യ സ്ഥാപനമായ ഫെഡറൽ ബാങ്കും ഒപ്പമുണ്ട്. നമുക്ക് ഒരുമിച്ച് മുന്നേറാം പ്രകൃതിക്കുവേണ്ടി... നമുക്കുവേണ്ടി...

മാതൃഭൂമി
Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK
YOUR PERFECT BANKING PARTNER

## സീഡ് പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

| നേട്ടങ്ങൾ | 2011 | 2012 | 2013 | 2014 | 2015 | 2016 | TOTAL |
|---|---|---|---|---|---|---|---|
| പച്ചക്കറി *(കിലോഗ്രാമിൽ)* | 7,230 | 2,721 | 84,287 | 99416 | 1,54,732 | 1,72,000 | 5,20,386 |
| നെല്ല് *(കിലോഗ്രാമിൽ)* | 2,862 | 2,268 | 26,498 | 23982 | 61,355 | 44,392 | 1,61,357 |
| പഴവർഗങ്ങൾ *(കിലോഗ്രാമിൽ)* | 5,115 | 1,542 | 46,373 | 46671 | 53,741 | 1,23,000 | 2,76,442 |
| നട്ടുസംരക്ഷിച്ച വൃക്ഷത്തൈകൾ | 1,19,407 | 70,983 | 87,359 | 51184 | 98,662 | 94,277 | 5,21,872 |
| പോസ്റ്റർ പ്രദർശനം | 1,599 | 1,333 | 4,833 | 4345 | 7,803 | 9,404 | 29,317 |
| ബോധവത്കരണ പ്രവർത്തനങ്ങൾ | 1,379 | 1,432 | 3,475 | 4680 | 5,362 | 8,001 | 24,329 |
| സെമിനാറുകൾ | 2,783 | 2,133 | 3,980 | 3477 | 6,233 | 7,811 | 26,417 |
| റാലികൾ | 756 | 1,143 | 2,325 | 1964 | 4,463 | 4,840 | 15,491 |

## സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

**വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ്പ് അവാർഡ് 2014 (WAN-IFRA)**

**വേൾഡ് യങ് റീഡർ പ്രൈസ് 2011 & 2013 (WAN-IFRA)**

**ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012**

**കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2014 (International Advertising Association )**


**വനമിത്ര പുരസ്കാരം 2012 (Government of Kerala)**

# വിശിഷ്ടഹരിത വിദ്യാലയങ്ങൾ

| | |
|---|---|
| **2009-10** | എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം ,എറണാകുളം |
| **2010-11** | ജവഹർ നവോദയ വിദ്യാലയം ലക്കിടി, വയനാട് |
| **2011-12** | എസ്.വി.ജി.വി. എച്ച്.എസ്.എസ്. കിടങ്ങന്നൂർ, പത്തനംതിട്ട |
| **2012-13** | എച്ച്.ഡി.പി.സമാജം എച്ച്.എസ്. എടതിരിഞ്ഞി ,തൃശ്ശൂർ |
| **2013-14** | വി. വി. എച്ച്. എസ്. എസ്. താമരക്കുളം, ആലപ്പുഴ |
| **2014-15** | ജി.യു.പി.എസ്. ഭീമനാട് പാലക്കാട് |
| **2015-16** | എരഞ്ഞിമങ്ങാട് ജി.യു.പി.സ്കൂൾ മലപ്പുറം |

## സീഡിൽ സജീവമായി തുടരുന്ന സ്കൂളുകൾ

### 2009-2016



# സാർഥകമായ പ്രവർത്തനങ്ങളോടെ
# മാതൃഭൂമി സീഡ്
# 8-ാം വർഷത്തിലേക്ക്...



സീഡ്
നാട്ടുമാവ്
വർഷം



# 1 നാട്ടുമാഞ്ചോട്ടിൽ

## നാട്ടുമാവ് വർഷാചരണ പ്രവർത്തനങ്ങൾ

നഷ്ടമായിക്കൊണ്ടിരിക്കുന്ന നാട്ടുനന്മകൾ നിലനിർത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മാതൃഭൂമി സീഡ് 2016–17 നാട്ടുമാവ് വർഷമായി ആചരിക്കുന്നു. കേരളത്തിൽ സമൃദ്ധമായുണ്ടായിരുന്ന പ്രാദേശിക മാവിനങ്ങളിൽ പലതും ഇപ്പോൾ വംശനാശ ഭീഷണിയിലാണ്. നാട്ടുമാവുകളുടെ വൈവിധ്യം നിലനിർത്തുകയെന്നത് ശ്രമകരമായ ഒരു ദൗത്യമാണ്. എന്നാൽ കേരളത്തിലങ്ങോളമിങ്ങോളം ആറായിരത്തിലധികം സ്കൂളുകളിലായി വ്യാപിച്ചുകിടക്കുന്ന സീഡ് പ്രവർത്തകർക്ക് ഇതൊരു വെല്ലുവിളിയല്ല. നമ്മുടെ ആത്മാർഥമായ ശ്രമം രാജ്യത്തിനുതന്നെ അഭിമാനമാകുന്ന വലിയൊരു നേട്ടത്തിലേക്കുള്ള വഴിയൊരുക്കും. നാട്ടുമാഞ്ചോട്ടിൽ എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിക്ക് കേരള വനം –വന്യജീവി വകുപ്പിന്റെ സഹകരണവും ലഭിക്കും.

നാട്ടുമാവുകളെക്കുറിച്ച് ശരിയായ വിവരങ്ങൾ ശേഖരിക്കുകയാണ് ആദ്യ ജോലി. ഒരോ ഇനത്തിന്റെയും നാട്ടുപേര്(ചക്കരക്കുട്ടി, കർപ്പൂരം, കിളിച്ചുണ്ടൻ, മൂവാണ്ടൻ, കുറ്റ്യാട്ടൂർ തുടങ്ങിയവ ഉദാഹരണം), മാങ്ങയുടെ രുചി, വലുപ്പം, കുലകളുടെ വലിപ്പം, ഇലയുടെ വലിപ്പം, തളിരിലകളുടെ നിറം, മാവിന്റെ ഉയരം തുടങ്ങി കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കണം. മാവിന്റെ ഇല, പൂവ്, മാങ്ങ എന്നിവയുടെ ഫോട്ടോയും ശേഖരിക്കാം. അപൂർവ്വമായ മാവിനങ്ങളെ പ്രത്യേകം രേഖപ്പെടുത്തണം. ഇതിനായി മുതിർന്നവരുടെയും കർഷകരുടെയും കൃഷിവകുപ്പിന്റെയുമൊക്കെ സഹായം തേടാം. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് ഒരു നാട്ടുമാവ് രജിസ്ററർ സ്കൂളിൽ തയാറാക്കണം.

അടുത്ത മാമ്പഴക്കാലമാവുമ്പോഴേക്കും മാവിനെക്കുറിച്ചുള്ള വിവരങ്ങൾ പരമാവധി ശേഖരിച്ച് ആവശ്യമായ തയാറെടുപ്പുകൾ നടത്തണം. മാങ്ങകൾ പഴുക്കുന്നതോടെ ഓരോ ഇനത്തിൽപ്പെട്ട മാവുകളുടെയും വിത്തുകൾ ശേഖരിച്ച് മുളപ്പിക്കാം. വലിയ ചിരട്ടകൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്. വർഷകാലത്ത് നാട്ടിലെല്ലായിടത്തും മാവിൻ തൈകൾ വളർന്ന് നിൽക്കാറുണ്ട്. ഇവയും നന്നായി വളരാൻ ഇടയുള്ള സ്ഥലങ്ങളിലേക്ക് മാറ്റിനടണം. മാവിൻ തൈകൾ കുട്ടികളുടെ നേതൃത്വത്തിൽ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുകയുമാവാം. മുന്നൊരുക്കമെന്ന നിലയിൽ ഈ മഴക്കാലത്തുതന്നെ മാവിൻതൈകൾ ശേഖരിച്ച് നടുന്ന പ്രവർത്തനങ്ങൾ തുടങ്ങാവുന്നതാണ്.

കേരളത്തിലെ എല്ലാ മാവിനങ്ങളുടെയും തൈകൾ വളർത്തുന്ന ഒരു സംരക്ഷണത്തോട്ടം ഒരുക്കാനാണ് മാതൃഭൂമിയുടെ ശ്രമം. വ്യത്യസ്ത ഇനം മാവുകളുടെ തൈകൾ സീഡ് കുട്ടികൾക്ക് ഈ തോട്ടത്തിലേക്ക് നൽകാം. അവയെക്കുറിച്ചുള്ള വിവരങ്ങൾ സീഡ് പ്രതിനിധിയെ അറിയിക്കണം. മാവിനോടുള്ള ചങ്ങാത്തം ഒരു വർഷക്കാലത്തേക്കുള്ളതല്ല. അതിന്റെ തുടർപ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ട് പോകാം, നാട്ടുമാവിന്റെ നന്മ നിറയുന്നൊരു കാലത്തിനായി...



### പ്രായോഗിക പ്രവർത്തനങ്ങൾ

• നാട്ടുമാവുകളുടെ പേരുകൾ ചേർത്ത രജിസ്റ്റർ • നാട്ടുമാവുകളുടെ എണ്ണമെടുക്കൽ • മാവുകൾ മുറിക്കുന്നതിനെതിരെ പ്രചാരണം • വലിയ മാവുകൾക്ക് സംരക്ഷണം • ഓരോ സ്കൂളിനും ഒരു മുത്തശ്ശിമാവ് • താഴെവീണു നശിച്ചുപോകുന്ന മാങ്ങകൾ മുളപ്പിക്കാനായി ശേഖരിക്കൽ • മാവിൻ തൈകൾ നട്ടുവളർത്തൽ • മാവിൻ തൈകൾ തേടി യാത്രകൾ

# 2 ജൈവം ഹരിതം

## കാർഷിക പ്രവർത്തനങ്ങൾ

**സ്വ**യം തിരിച്ചറിഞ്ഞ യാഥാർഥ്യങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ മലയാളി വീട്ടുമുറ്റത്ത് പച്ചക്കറി കൃഷി ചെയ്യാൻ തുടങ്ങി. ജൈവ പച്ചക്കറി കൃഷിയുടെ പ്രചാരകരായി ജനപ്രതിനിധികൾ, സിനിമാതാരങ്ങൾ, കുടുംബശ്രീ പ്രവർത്തകർ... അങ്ങനെ പലരും മുന്നോട്ടു വന്നു. ഈ വിപ്ലവത്തിന് വഴികാട്ടിയായി സീഡ് അംഗങ്ങളുടെ നീണ്ട ഏഴ് വർഷത്തെ പ്രയത്നവുമുണ്ട്. മണ്ണും വെള്ളവും വായുവും വെളിച്ചവും ചേർന്ന് അന്നം നൽകുന്ന മാന്ത്രിക വിദ്യയായ കൃഷിയിൽ നമുക്ക് ഇനിയും മുന്നേറാം. അന്യന്റെ മുമ്പിൽ കൈനീട്ടാത്ത വിധത്തിൽ ഓരോ വീട്ടിലും കൃഷി എന്ന ലക്ഷ്യത്തിനായി പ്രയത്നിക്കാം. നല്ല ഭക്ഷണം എന്ന നമ്മുടെ സ്വപ്നം യാഥാർഥ്യമാവട്ടെ...

### പ്രായോഗിക പ്രവർത്തനങ്ങൾ

• സ്കൂളിൽ അടുക്കളത്തോട്ടം • എല്ലാവീട്ടിലും കൃഷി • സീഡ് ബാങ്ക് • നെൽവയൽ സംരക്ഷണം • മണ്ണറിവുകൾ • പയർ വർഗകൃഷി • മണ്ണിന്റെ സ്വഭാവവും ഫലപുഷ്ടിയും ശാസ്ത്രീയമായി വിലയിരുത്തൽ • കമ്പോസ്റ്റ് കുഴി നിർമിച്ച് ജൈവ വളമുണ്ടാക്കൽ • ജൈവ കീടനാശിനികളുടെ നിർമാണവും പ്രചാരണവും • ഫിറമോൺ കെണി, തുടങ്ങിയ ജൈവ കീടനിയന്ത്രണ മാർഗങ്ങൾ • ജീവാണു വളങ്ങൾ • മണ്ണിരകളെക്കുറിച്ചുള്ള പഠനം • മണ്ണിരക്കമ്പോസ്റ്റ് • മത്സ്യ കൃഷി • കൃഷിയിലെ പുതിയ ജലസേചന രീതികൾ • ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയാം • കൃഷി വകുപ്പിനെ അടുത്തറിയാം • കൃഷിയുമായി ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസ, തൊഴിൽ സാധ്യതകൾ മനസ്സിലാക്കാം • പ്രാദേശിക പ്രാധാന്യമുള്ള വിത്തുകൾ കൃഷി ചെയ്തു സംരക്ഷിക്കാം • നാടൻ ഭക്ഷ്യ മേള • ഭക്ഷ്യ സുരക്ഷാ നിയമപഠനം.



# 3 ജീവന്റെ കലവറ

## ജൈവവൈവിധ്യ സംരക്ഷണം





**പ**രിസ്ഥിതിയുടെ സ്വാഭാവികതയും വൈവിധ്യവും നിലനിർത്താൻ ഏറ്റവും വലിയ വെല്ലുവിളികൾ നേരിടുന്ന കാലമാണിത്. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട വലിയ ഉത്തരവാദിത്വം നമുക്കോരോരുത്തർക്കുമുണ്ട്. നാനാജാതി ജീവികൾ, സസ്യങ്ങൾ ,തണ്ണീർത്തടങ്ങൾ, കുളങ്ങൾ, കാവുകൾ എന്നിവ നമ്മുടെ ജൈവസമ്പത്താണ്. ഇവ സംരക്ഷിക്കാതെ മനുഷ്യർക്ക് ഭൂമിയിൽ സുഗമമായ വാസം സാധ്യമാവില്ല. നമുക്ക് നമ്മുടെ ജൈവ വൈവിധ്യം തിരിച്ചറിയാം, സംരക്ഷിക്കാം.

### പ്രായോഗിക പ്രവർത്തനങ്ങൾ

• വൃക്ഷത്തൈകൾ നട്ട് സംരക്ഷിക്കൽ • ജന്മദിന പാർക്ക് • നക്ഷത്ര വനം • ഫലവർഗ പാർക്ക് • സ്കൂൾ നഴ്സറി • ഔഷധ ഉദ്യാനം • ജൈവവൈവിധ്യ പാർക്ക് • പ്രാദേശിക വൃക്ഷസെൻസസ് • ചിത്രശലഭോദ്യാനം • കേരസംരക്ഷണം • അന്യം നിന്നുപോകുന്ന സസ്യങ്ങളുടെ സംരക്ഷണം • കണ്ടൽ സംരക്ഷണം • കടലാമ സംരക്ഷണം • ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം • പശ്ചിമഘട്ടത്തെ അറിയാം • പരിസ്ഥിതി – വനം – വന്യജീവി സംരക്ഷണ നിയമപഠനം • കാലാവസ്ഥാ പഠനം • വനം– വന്യജീവി സംരക്ഷിതപ്രദേശ സന്ദർശനം.

# 4 ജലം, ജീവിതം

## ജലസംരക്ഷണ പ്രവർത്തനങ്ങൾ



**പ**രിസ്ഥിതി പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമാണ് ജലസംരക്ഷണം. കേരളത്തിലെ ഭൂഗർഭ ജലനിരപ്പ് മൂന്നുമീറ്ററോളം താഴ്ന്നുവെന്ന് പഠനങ്ങൾ പറയുന്നു. കായലുകളും തോടുകളും തണ്ണീർത്തടങ്ങളും നെൽവയലുകളും വലുപ്പം കുറഞ്ഞ് ഇല്ലാതാകുന്നതും കുഴൽക്കിണറുകളുടെ അമിത ഉപയോഗവും ഇതിന് കാരണമായിട്ടുണ്ട്. മുകൾത്തട്ടിലൂടെ വെള്ളം ഒഴുകി നഷ്ടപ്പെടാതെ, ഭൂമിക്കടിയിലേക്ക് അരിച്ചിറങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്.ഓരോ പ്രദേശത്തുമുള്ള ജലാശയങ്ങൾ സംരക്ഷിക്കാൻ സീഡ് പ്രവർത്തകർ മുൻകൈയെടുക്കണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

• കിണർ, കുളം, പുഴ സംരക്ഷണ പ്രവർത്തനങ്ങൾ • തണ്ണീർത്തട സംരക്ഷണം • മഴവെള്ള സംരക്ഷണം • മഴക്കുഴി നിർമാണം • ജല പുനരുപയോഗം • ജലജീവിജലസസ്യ സംരക്ഷണം • ജലപരിശോധന • ജലജന്യരോഗങ്ങളിൽ നിന്ന് പരിരക്ഷ • മലിനജലത്തിനെതിരെ ജാഗ്രത • സ്കൂളിനു സമീപത്തെ തോട്, പുഴ, പൊതുകുളം, പൊതു കിണർ എന്നിവയിലേതെങ്കിലും സംരക്ഷിക്കൽ.

# 5 ഊർജം ഉയർച്ച

## ഊർജസംരക്ഷണം

**ഊ**ർജത്തിന്റെ ശരിയായ ഉപയോഗം മനുഷ്യ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. മനുഷ്യരുടെ ഊർജ ആവശ്യങ്ങൾ വർധിച്ചു വരുന്നതും ഊർജ സ്രോതസ്സുകൾ കുറഞ്ഞു വരുന്നതുമാണ് രൂക്ഷമായ ഊർജപ്രതിസന്ധിക്കു കാരണം. ഉള്ള ഇന്ധനവും ഊർജവും മിതമായും സമർഥമായും ഉപയോഗിക്കുക മാത്രമാണ് ഇത് മറികടക്കാൻ നമുക്കു മുന്നിലുള്ള വഴി. ആളോഹരി ഊർജ ഉപയോഗം കുറയ്ക്കാൻ നമുക്ക് സ്വയം മുന്നിട്ടിറങ്ങാം.

### പ്രായോഗിക പ്രവർത്തനങ്ങൾ

• പാരമ്പര്യേതര ഊർജ സ്രോതസ്സുകളുടെ ഉപയോഗം • മോട്ടോർ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കൽ • എൽ.ഇ.ഡി. ബൾബ് നിർമാണവും ഉപയോഗം പ്രോത്സാഹിപ്പിക്കലും • സോളാർ പാനലുകളുടെ ഫലപ്രദമായ ഉപയോഗം • കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പരിചയപ്പെടുത്തൽ • പൊതുഗതാഗതത്തിന് പ്രോത്സാഹനം.






# 6 ശുചിത്വസുന്ദരം

## ശുചിത്വ ശീലങ്ങൾ

**ആ**രോഗ്യമുള്ള ജീവിതത്തിന് ഏറ്റവും അനിവാര്യമാണ് ശുചിത്വം. വ്യക്തിശുചിത്വവും കുടുംബശുചിത്വവും പാലിക്കുന്ന നമ്മൾ പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ ഇപ്പോഴും പിന്നിലാണ്. പകർച്ചവ്യാധികൾ വിടാതെ പിടിമുറുക്കുന്നതിന്റെ കാരണവും ഇതുതന്നെ. ഈ യാഥാർഥ്യത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന പുതിയൊരു ശുചിത്വ സംസ്കാരം ഉടലെടുക്കണം. ഓരോ സീഡ് സ്കൂളും ഇതിന്റെ പരിശീലന കളരിയാവണം. ഇ-വേസ്റ്റ്, പ്ലാസ്റ്റിക് വിപത്ത് എന്നിവയ്ക്കെതിരെ സ്കൂളുകളിൽ മാത്രമല്ല പൊതുജനങ്ങൾക്കിടയിലും ശക്തമായ പ്രചാരണങ്ങൾ നടത്തണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

• മാലിന്യം പൊതുസ്ഥലത്ത് തള്ളുന്നതിനെതിരെ പ്രചാരണം • ഉറവിടമാലിന്യ സംസ്കരണ സംവിധാനം • സ്കൂളും വീടും പൊതുഇടങ്ങളും ശുചിയായി സൂക്ഷിക്കൽ • കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നത് തടയുക • കൊതുകിനെതിരെ യുദ്ധം.

# 7 കുട്ടിക്കൂട്ട്

## ബാല പീഡനങ്ങൾക്കെതിരെ

**ഓ**രോ കുട്ടിയുടെയും അവകാശമാണ് സുരക്ഷിതമായ ബാല്യം. എന്നാൽ കുട്ടികൾക്ക് നേരെയുള്ള ലൈംഗിക ചൂഷണം, വൈകാരിക ചൂഷണം, ശാരീരിക പീഡനം എന്നിവ കൂടി വരുന്നു. തെറ്റായ സാഹചര്യങ്ങൾ ഏതാണെന്ന് സ്വയം തിരിച്ചറിയാനും, ഇത്തരം സാഹചര്യങ്ങളിൽ പെട്ടാൽ 'അരുത്', 'എനിക്കിഷ്ടമല്ല' എന്ന് ഉറക്കെ പറയാനും കുട്ടികളെ പ്രാപ്തരാക്കണം. അതിക്രമത്തിനിരയാകുന്ന കുട്ടികളെ ഒറ്റപ്പെടുത്താതെ ഒപ്പം നിർത്തണം. നിയമ നടപടികൾക്ക് മടികാണിക്കരുത്. ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പരിചയ സമ്പന്നരായവരുടെ സഹായം തേടണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

• കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം • 'ഗുഡ്-ടച്ച് ബാഡ് -ടച്ച്' എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക (നിർബന്ധമായും ചെയ്യേണ്ടത്) • ബാലപീഡനം, ബാലവേല ഇവയുമായി ബന്ധപ്പെട്ട നിയമങ്ങൾ മനസ്സിലാക്കുക • ചൈൽഡ് ഹെൽപ്പ് ലൈനിന്റെ 1098 എന്ന നമ്പറുമായി സഹകരിച്ച് പ്രവർത്തിക്കുക.

# 8 പൈതൃകം

## നാട്ടറിവ് സംരക്ഷണം

**മ**ഹത്തായ ഒരു സംസ്കാരത്തിന്റെ പിൻതലമുറക്കാരാണ് നാമോരോരുത്തരും. നൂറ്റാണ്ടുകളിലൂടെയുള്ള പരിണാമ പ്രക്രിയയിലൂടെയാണ് ഓരോ സംസ്കാരം രൂപപ്പെടുന്നത്. ദേശം, ഭാഷ, വസ്ത്രം, ഭക്ഷണം, കല, സാഹിത്യം, നിർമിതികൾ എന്നിവയെല്ലാം ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈ പൈതൃകങ്ങളെ അടുത്തറിയാനും സംരക്ഷിക്കാനും നാം ബാധ്യസ്ഥരാണ്.

### പ്രായോഗിക പ്രവർത്തനങ്ങൾ

• പ്രാദേശിക ഭാഷാപഠനം • പ്രാദേശിക ഭാഷാപദങ്ങളുടെ നിഘണ്ടു തയ്യാറാക്കൽ • അന്യം നിന്നുപോകുന്ന നാടൻ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ • നാടൻ കല, കായികയിനങ്ങൾ പ്രചരിപ്പിക്കൽ • ആദിവാസി കലകളെ അടുത്തറിയൽ • നാട്ടറിവുകൾ, ഞാറ്റുപാട്ടുകൾ, ഞാറ്റുവേലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരശേഖരണം • വിദ്യാലയത്തിൽ പൈതൃക മ്യൂസിയം തയ്യാറാക്കൽ • പ്രാദേശിക ഭക്ഷണരീതി അടുത്തറിയൽ • നാടിനെക്കുറിച്ച് പൈതൃക ഗവേഷണം • സ്ഥലനാമങ്ങൾ വന്നവഴി മനസ്സിലാക്കാം.



**പ്രകൃതിസംരക്ഷണത്തിന്റെ പ്രത്യേക മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് മാതൃഭൂമി സീഡ് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്**

# ഹരിതം ഔഷധം



**കേ**രളീയർ നേരിടുന്ന വലിയ ആരോഗ്യപ്രശ്നങ്ങളിലൊന്നാണ് മരുന്നുകളുടെ അമിത ഉപയോഗം. പണ്ടുകാലത്ത് നമ്മൾ രോഗശമനത്തിനായി ഉപയോഗിച്ചിരുന്ന നാട്ടുമരുന്നുകളെ നമ്മൾ മറന്നു കഴിഞ്ഞു. ഔഷധസസ്യങ്ങളിൽ പലതും ഇപ്പോൾ നമ്മുടെ തിരിച്ചറിവിന് പുറത്താണ്. നിത്യജീവിതത്തിൽ ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുന്നതിനും അതിലൂടെ ഔഷധസസ്യ സംരക്ഷണം നിത്യജീവിതത്തിന്റെ ഭാഗമാക്കുന്നതിനും മാതൃഭൂമി സീഡും സംസ്ഥാന ഔഷധസസ്യബോർഡും ചേർന്ന് കേരളത്തിലെ പത്ത് ജില്ലകളിൽ (കാസർക്കോട്, വയനാട്, ഇടുക്കി, പത്തനംതിട്ട എന്നിവ ഒഴികെ) ഒരുക്കുന്ന പദ്ധതിയാണ് 'ഹരിതം ഔഷധം'. ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടുന്ന 50 സീഡ് സ്കൂളുകളിൽ ഔഷധസസ്യങ്ങൾ സൗജന്യമായി നൽകും. അവ ഉപയോഗിച്ച് സ്കൂൾമുറ്റത്ത് ഔഷധോദ്യാനം നിർമിച്ച് പരിപാലിക്കുന്ന സ്കൂളുകൾക്ക് സമ്മാനവുമുണ്ട്. ഓരോ ജില്ലയിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന സ്കൂളുകൾക്ക് യഥാക്രമം 10,000; 7,500; 5,000 രൂപ വീതം ക്യാഷ് അവാർഡ് നൽകും. 10 ജില്ലകളിലും 15 പ്രോത്സാഹന സമ്മാനങ്ങളടക്കം ആകെ 180 വിദ്യാലയങ്ങൾക്ക് 5 ലക്ഷത്തോളം രൂപയുടെ സമ്മാനങ്ങളുണ്ട്.




# കടലാമയ്ക്കൊരു കൈത്തൊട്ടിൽ

**മു**ട്ടയിടാനായി ആയിരക്കണക്കിന് കിലോമീറ്ററുകൾ താണ്ടി കേരളത്തിന്റെ തീരപ്രദേശത്ത് എത്തുന്ന ഒലിവ് റിഡ്‌ലി കടലാമകൾക്ക് സംരക്ഷണം ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്. കടലാമ സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന പ്രാദേശിക പരിസ്ഥിതി സംഘടനകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനോടകം 4000 ത്തിലധികം കടലാമ മുട്ടകൾ ശേഖരിച്ച് സംരക്ഷിച്ച് വിരിയിച്ച് ആമക്കുഞ്ഞുങ്ങളെ കടലിലേക്ക് വിട്ടു. കടലാമ സംരക്ഷണത്തിനായുള്ള പ്രചാരണ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമാണ്.

# സീഡ് റിപ്പോർട്ടർ

പരിസ്ഥിതി വിഷയങ്ങൾ മാതൃഭൂമി പത്രം, മാതൃഭൂമി ന്യൂസ്, ക്ലബ് എഫ്.എം. എന്നിവയിലൂടെ പൊതുജനങ്ങളിൽ എത്തിക്കുക എന്നതാണ് സീഡ് റിപ്പോർട്ടർമാരുടെ ചുമതല. പ്രകൃതിയുമായി ബന്ധപ്പെട്ട വാർത്തകൾ നന്നായി തയ്യാറാക്കി മാതൃഭൂമി സീഡ് പ്രതിനിധിയെ ഏൽപ്പിക്കണം. ഇവയിൽ പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ഉപയോഗപ്പെടുത്തും. ഇതിനായി ഓരോ സ്കൂളിലും പത്രപ്രവർത്തനത്തിൽ താത്പര്യമുള്ള ഒരു കുട്ടിയെ സീഡ് റിപ്പോർട്ടറായി ചുമതലപ്പെടുത്തണം.



# സീഡ് ഗ്രീൻ സയൻസ് അവാർഡ്



**കു**ട്ടികളിൽ പരിസ്ഥിതി ഗവേഷണ അഭിരുചി വർധിപ്പിക്കാനും നിത്യ ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ പരിഹാരമാർഗങ്ങൾ കണ്ടെത്താനും പുതിയൊരു വഴിത്താരയിലേക്കിറങ്ങുകയാണ് മാതൃഭൂമി സീഡ്.

ശാസ്ത്രപഠനത്തിന്റെ ഭാഗമായും സയൻസ് ഫെയറുകളുമായി ബന്ധപ്പെട്ടും നിരവധി ഗവേഷണ പ്രവർത്തനങ്ങൾ സ്ക്കൂളുകളിൽ നടക്കുന്നുണ്ട്. ഇത്തരം ഗവേഷണ പ്രോജക്റ്റുകൾക്കുള്ളതാണ് സീഡ് ഗ്രീൻ സയൻസ് അവാർഡ്. സീഡ് ഫൈനൽ റിപ്പോർട്ടിനൊപ്പം സയൻസ് പ്രോജക്റ്റ് റിപ്പോർട്ടും സമർപ്പിക്കാം. സമ്മാനം നേടുന്ന സ്കൂളിന് ക്യാഷ് അവാർഡും പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റും നൽകും.

## സീസൺ വാച്ച്

**ഋ**തുഭേദങ്ങൾക്കനുസരിച്ച് മരങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനായി നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസും (N.C.B.S.) മാതൃഭൂമി സീഡും ചേർന്ന് ദേശീയ തലത്തിൽ നടപ്പിലാക്കുന്ന സിറ്റിസൺസ് സയൻസ് പദ്ധതിയാണ് സീസൺ വാച്ച്. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്കൂളുകൾക്കും ഈ പദ്ധതിയിൽ തുടർ പ്രവർത്തനങ്ങൾ നടത്താം.പുതിയ സ്കൂളുകൾക്കും പദ്ധതിയിൽ അംഗമാകാം.

**കൂടുതൽ വിവരങ്ങൾക്ക്:** www.seasonwatch.in/seed
Talk to Mr. Mohammed Nizar
State co-ordinator, Season watch 09446447666



## സീഡ് പോലീസ്

**സീ**ഡ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രകൃതി സംരക്ഷണ സേനയാണ് സീഡ് പോലീസ്. കേരളത്തിലെ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ മുൻനിരയിലുണ്ട് ഇവർ. സ്കൂളിലെ സീഡ് അംഗങ്ങളിൽനിന്ന് തിരഞ്ഞെടുക്കുന്ന ഏതാനും പേരെയാണ് സീഡ് പോലീസിന്റെ ചുമതല ഏല്പിക്കുക. ടീച്ചർ കോ-ഓഡിനേറ്റർമാരുടെ നിയന്ത്രണത്തിലായിരിക്കും ഇവരുടെ പ്രവർത്തനം.

## ജെം ഓഫ് സീഡ്

**സീ**ഡ് പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് നൽകുന്ന ജെം ഓഫ് സീഡ് പുരസ്കാരത്തിനായി ഇത്തവണ കുട്ടികൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാം. പ്രകൃതിസംരക്ഷണത്തിനായി നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അടങ്ങിയതാവണം അപേക്ഷ. വെള്ളക്കടലാസിൽ തയാറാക്കുന്ന അപേക്ഷയിൽ പേര്, ക്ലാസ്, സ്കൂൾ വിലാസം, ഫോൺനമ്പർ എന്നിവയുണ്ടാകണം. സീഡ് കോ -ഓഡിനേറ്ററുടെയും പ്രധാന അധ്യാപകന്റെയും ശുപാർശയോടെ വേണം ജെം ഓഫ് സീഡ് അവാർഡിന് അപേക്ഷിക്കാൻ. ജെം ഓഫ് സീഡ് അപേക്ഷകൾ സീഡ് റിപ്പോർട്ടിനൊപ്പം സമർപ്പിക്കുകയോ, മാതൃഭൂമി ജില്ലാ ഓഫിസുകളിലേക്ക് അയയ്ക്കുകയോ ചെയ്യാം. ഒരു വിദ്യാലയത്തിൽ നിന്ന് എത്ര കുട്ടികൾക്ക് വേണമെങ്കിലും ജെം ഓഫ് സീഡ് പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാം. സീഡ് പ്രവർത്തനങ്ങളിൽ അവസാന മാസം വരെ പങ്കെടുത്തവരെ യാണ് അവാർഡിനായി പരിഗണിക്കുക





## എന്റെ തെങ്ങ്

**മാ**തൃഭൂമി സീഡും നാളികേര വികസന ബോർഡും ചേർന്ന് കേരളത്തിലെ വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കിയ പദ്ധതിയാണ് ‘എന്റെ തെങ്ങ്’. സ്കൂളുകളിൽ കേരവൃക്ഷത്തൈ പരിരക്ഷിക്കുന്നതിലൂടെ കേരകൃഷിയോട് അടുപ്പമുണ്ടാക്കാൻ കുട്ടികൾക്ക് കഴിഞ്ഞു.

## ലവ് പ്ലാസ്റ്റിക്

**പ്ലാ**സ്റ്റിക് മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് പുനരുപയോഗം നടത്തുന്നതിനായി സീഡ് നടപ്പിലാക്കിയ പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് തുടങ്ങിയ ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ പ്രവർത്തകരും റസിഡൻസ് അസോസിയേഷനും ഏറ്റെടുത്ത് വിപുലമാക്കി.

സ്കൂളിലും വീട്ടിലും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയോ നേരിട്ടോ പ്ലാസ്റ്റിക് റീസൈക്കിളിങ് യൂണിറ്റുകൾക്ക് കൈമാറണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെ ജാഗ്രത പുലർത്തണം. പ്ലാസ്റ്റിക് ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള കർമ പദ്ധതികൾ പ്രാദേശികമായി ആവിഷ്കരിച്ച് നടപ്പാക്കണം.

സ്കൂളിന്റെ വലുപ്പമോ കുട്ടികളുടെ എണ്ണമോ അവാർഡ് നിർണയത്തെ സ്വാധീനിക്കില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള സ്കൂളുകൾക്കും മുൻ വർഷങ്ങളിൽ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

റിപ്പോർട്ടുകൾ കാര്യമാത്രപ്രസക്തവും ആവർത്തനം ഇല്ലാത്തതുമാവണം.

റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന CD, DVD തുടങ്ങിയവയിൽ സ്കൂളിന്റെ പേരും അതിലുള്ള ഉള്ളടക്കം എന്തെന്നും എഴുതണം.

മുൻവർഷങ്ങളിൽ അവാർഡ് കിട്ടിയത് വീണ്ടും ലഭിക്കുന്നതിന് തടസ്സമല്ല.

# തുടർ മൂല്യനിർണയത്തിലൂടെ മികച്ച വിദ്യാലയത്തിലേക്ക്

**2016** ജൂൺ 5 മുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഈ വർഷത്തെ അവാർഡ് ജേതാക്കളെ നിർണയിക്കുക. കൈപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന എട്ടുമേഖലകളിലും ഏറ്റവും മികച്ച പ്രവർത്തനങ്ങൾ നടത്തണം. ജൂൺ മാസം മുതൽ തന്നെ കുട്ടികൾക്ക് പങ്കെടുക്കാവുന്ന വിവിധ പരിപാടികളും മത്സരങ്ങളും മാതൃഭൂമി വിദ്യയുമായി ചേർന്ന് സംഘടിപ്പിക്കുന്നുണ്ട്. ഈ പരിപാടികളിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം, അവർക്ക് ലഭിച്ച സമ്മാനങ്ങൾ തുടങ്ങിയവയും അവാർഡ് നിർണയത്തിൽ പരിഗണിക്കും ഒരോ മാസത്തെയും പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി ഏത് ജില്ലയാണ് സീഡ് പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്നതെന്നും വിലയിരുത്തുന്നുണ്ട്. ഇതിനായി സ്കൂളിൽ നടത്തുന്ന പരിപാടികളുടെ വിശദാംശങ്ങൾ അതതു ജില്ലകളിലെ ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. തുടർ മൂല്യനിർണയം ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുമെന്ന് പ്രതീക്ഷിക്കട്ടെ.

സ്കൂളിൽ നടത്തിയ പരിപാടികളുടെ സമ്പൂർണ വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ടാണ് അവാർഡിനായി സമർപ്പിക്കേണ്ടത്. പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം റിപ്പോർട്ടിനൊപ്പം ചേർക്കാം. സീഡ് റിപ്പോർട്ടുകൾ 2017 ജനവരി 15-നകം മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും. സ്കൂളുകളിൽ പ്രത്യേക ജൂറി സന്ദർശനം നടത്തി വിലയിരുത്തൽ നടത്തിയ ശേഷമേ അവാർഡ് ജേതാക്കളെ നിർണയിക്കുകയുള്ളൂ.

സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.

## വിദ്യ Ask Seed

പ്രകൃതി സംബന്ധമായ സംശയങ്ങൾക്ക് ഉത്തരം തേടാൻ മാതൃഭൂമി സീഡ് വഴിയൊരുക്കുന്നു. വിദ്യാർഥികളുടെ സംശയങ്ങൾ askseedmbi@gmail.com എന്ന വിലാസത്തിലേക്ക് അയയ്ക്കണം. തിരഞ്ഞെടുത്ത ചോദ്യങ്ങളുടെ ഉത്തരം മാതൃഭൂമി വിദ്യ പേജിൽ പ്രസിദ്ധീകരിക്കും. ചോദ്യങ്ങൾ അയയ്ക്കുന്നവർ പേരും സ്കൂൾ വിലാസവും ഫോൺ നമ്പറും രേഖപ്പെടുത്താൻ മറക്കരുത്.

## എൽ.പി. സ്കൂളുകൾക്കും അവസരം

**യു.**പി. മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാലയങ്ങളാണ് സീഡ് പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നത്. എന്നാൽ എൽ.പി. സ്കൂളുകൾക്കും സീഡിൽ രജിസ്റ്റർ ചെയ്യാം. കൊച്ചുകുട്ടികൾ ചെയ്യുന്ന ചെറിയ ചെറിയ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ വിലപ്പെട്ടതാണ്. പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നവരുടെ പ്രകടനം വിലയിരുത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകും. ആവശ്യപ്പെടുന്ന കോളേജുകൾക്കും രജിസ്ട്രേഷൻ അനുവദിക്കും.

## www.mbiseed.com

**മാ**തൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സീഡ് വെബ്സൈറ്റിൽ നിന്ന് മനസ്സിലാക്കാം. സീഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും ഫോട്ടോകളും വീഡിയോ ദൃശ്യങ്ങളുമെല്ലാം സീഡ് വെബ്സൈറ്റിൽ (www.mbiseed.com) അപ്‌ലോഡ് ചെയ്യാം.
സീഡ് കോ- ഓഡിനേറ്റർമാരായ അധ്യാപകർക്കും സീഡ് പ്രവർത്തകരായ കുട്ടികൾക്കും പ്രകൃതി സംബന്ധമായ ലേഖനങ്ങൾ സീഡ് വെബ് സൈറ്റിലേക്ക് നൽകാവുന്നതാണ്. ഇവ സീഡിന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം.

## സീഡിന് വാട്സ്ആപ്പ് നമ്പർ

**സീ**ഡുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും വാട്സ് ആപ്പിലും അയയ്ക്കാം. അയയ്ക്കേണ്ട ഫോൺ നമ്പർ:

**8157011000**

## Contact

THIRUVANANTHAPURAM
**Mr. R. Murali**
(Unit Manager) 0471 2461071

KOLLAM
**Mr. N.S. Vinodkumar**
(Regional Manager) 0474 2790761

PATHANAMTHITTA
**Mr. T. Ajith Kumar**
(Special Correspondent) 0468 2228678

KOTTAYAM
**Mr. T. Suresh**
(Unit Manager) 0481 2568055

ALAPPUZHA
**Mr. C. Suresh Kumar**
(Unit Manager) 0477 2230864

IDUKKI
**Smt. M. Bilina**
(Special Correspondent) 0486 2227465

ERNAKULAM
**Smt. P. Sindhu**
(Unit Manager) 0484 2531708

THRISSUR
**Mr. G. Chandran**
(Unit Manager) 0487 2423284

PALAKKAD
**Mr. S. Amal Raj**
(Unit Manager) 0491 2521900

MALAPPURAM
**Mr. V. S. Jayakrishnan**
(Regional Manager) 0483 2745800

KOZHIKODE
**Mr. K. K. Vinod Kumar**
(Chief Librarian) 0495 2765381

WAYANAD
**Mr. T. V. Raveendran**
(Special Correspondent) 0493 6202378

KANNUR
**Mr. Joby P. Paulose**
(Unit Manager) 0497 2825100

KASARAGODE
**Mr. K. Balakrishnan**
(Chief Correspondent) 0499 4230298

**For more details:**
**SEED Project,**
**C/o Mathrubhumi,**
**K.P. Kesavamenon Road, Kozhikode.**
**Website: www.mbiseed.com**
**E-mail: mbiseed@gmail.com**

## സംസ്ഥാനത്തെ ഏറ്റവും മികച്ച സ്കൂളിന് വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം

## മികച്ച രണ്ടും മൂന്നും സ്ഥാനക്കാർക്ക് പ്രത്യേക സമ്മാനങ്ങൾ

## 14 ശ്രേഷ്ഠ ഹരിതവിദ്യാലയം

## 123 ഹരിതവിദ്യാലയം

## നാട്ടുമാഞ്ചോട്ടിൽ, ഹരിതം ഔഷധം എന്നിവയ്ക്ക് പ്രത്യേക പുരസ്കാരങ്ങൾ

## 246 പ്രശംസാപത്രം

## 41 ബെസ്റ്റ് ടീച്ചർ കോ-ഓഡിനേറ്റർ

## 41 ജെം ഓഫ് സീഡ്

- വിശിഷ്ട ഹരിതവിദ്യാലയം : 1 ലക്ഷം രൂപ
  രണ്ടാം സമ്മാനം : 75,000 രൂപ
  മൂന്നാം സമ്മാനം : 50,000 രൂപ
  കൂടാതെ സർട്ടിഫിക്കറ്റും ട്രോഫിയും
- റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന് ശ്രേഷ്ഠ ഹരിതവിദ്യാലയം അവാർഡ് 25,000 രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും
- ഓരോ വിദ്യാഭ്യാസ ജില്ലയിലെയും മികച്ച മൂന്ന് സ്കൂളുകൾക്ക് ഹരിതവിദ്യാലയം അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും:
  ഒന്നാം സമ്മാനം : 15,000 രൂപ
  രണ്ടാം സമ്മാനം: 10,000 രൂപ
  മൂന്നാം സമ്മാനം : 5,000 രൂപ
- ഹരിതം ഔഷധം പദ്ധതിയിൽ റവന്യൂ ജില്ലാതലത്തിൽ മൂന്ന് ക്യാഷ് അവാർഡുകൾ:
  ഒന്നാംസ്ഥാനം 10,000 രൂപ
  രണ്ടാം സ്ഥാനം 7,500 രൂപ
  മൂന്നാം സ്ഥാനം 5,000 രൂപ
- നാട്ടുമാഞ്ചോട്ടിൽ പദ്ധതിയിൽ സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച പ്രവർത്തനത്തിന് 25,000 രൂപയും സർട്ടിഫിക്കററും ട്രോഫിയും. ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം.
- പ്രകൃതിയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച സയൻസ് പ്രോജക്റ്റ് അവതരിപ്പിക്കുന്ന സ്കൂളിന് 20,000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കററും ട്രോഫിയും. കൂടാതെ പ്രോജക്റ്റ് അവതരിപ്പിക്കുന്ന വിദ്യാർഥികൾക്കും സർട്ടിഫിക്കററ്.
- ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച പ്രവർത്തനം നടത്തുന്ന 6 വിദ്യാലയങ്ങൾക്ക് പ്രശംസാപത്രം.
- ഓരോ വിദ്യാഭ്യാസ ജില്ലയിലും ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ടീച്ചർ കോ-ഓഡിനേറ്റർക്ക് 5000 രൂപയും സർട്ടിഫിക്കറ്റും.
- സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ് കാട്ടുന്ന വിദ്യാർഥികൾക്ക് ജെം ഓഫ് സീഡ് പുരസ്കാരം - ട്രോഫിയും സർട്ടിഫിക്കറ്റും.
- ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക് ബെസ്റ്റ് റിപ്പോർട്ടർ പുരസ്കാരവും പ്രശസ്തിപത്രവും.

Printed at The Mathrubhumi MM Press, Kozhikode

**23 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസ്!**

**ഒട്ടാകെ 664 സമ്മാനങ്ങൾ!**

**ഒപ്പം ട്രോഫികളും സർട്ടിഫിക്കറ്റുകളും!**

മാതൃഭൂമി വിദ്യ

മാതൃഭൂമി